ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 21.07.2024 | പ്രധാന വാർത്തകൾ | TIME 12.50 PM

1. മലപ്പുറത്ത് നിപ ബാധിച്ച് ചികിത്സയിലായിരുന്ന വിദ്യാർത്ഥി മരിച്ചു . സമ്പർക്കപട്ടികയിൽ 246 പേരെന്ന് മന്ത്രി വീണാ ജോർജ്ജ്.

   A student who was being treated for Nipah died in Malappuram. Minister Veena George said that there are 246 people in the contact list.

2. പാർലമെൻറിൻറെ വർഷകാല സമ്മേളനം നാളെ ആരംഭിക്കും. സമ്മേളനത്തിന് മുന്നോടിയായുള്ള സർവ്വകക്ഷി യോഗം ന്യൂഡൽഹിയിൽ ചേർന്നു.

   The annual session of Parliament will begin tomorrow. An all-party meeting was held in New Delhi ahead of the conference.

3. 150 ലധികം രാജ്യങ്ങൾ പങ്കെടുക്കുന്ന ലോക പൈതൃക സമ്മേളനത്തിന് ഇന്ന് ന്യൂഡൽഹിയിൽ തുടക്കമാകും. പ്രധാനമന്ത്രി നരേന്ദ്രമോദി സമ്മേളനം ഉദ്ഘാടനം ചെയ്യും.

   The World Heritage Conference will begin today in New Delhi with the participation of more than 150 countries. Prime Minister Narendra Modi will inaugurate the conference.

4. കർണാടകയിലെ ഷിരൂരിൽ മണ്ണിടിച്ചിലിൽ കാണാതായ കോഴിക്കോട് സ്വദേശിക്കായുള്ള തെരച്ചിൽ തുടരുന്നു.

**Search continues for Kozhikode native who went missing in Shirur, Karnataka landslide.**

5. ഏഷ്യാ കപ്പ് വനിതാ ട്വന്റി - 20 ക്രിക്കറ്റിൽ ഇന്ത്യ-യു.എ.ഇ മത്സരം ഉച്ചയ്ക്ക് രണ്ടിന്.

**Asia Cup Women's Twenty20 - India-UAE match in 20 cricket at 2 pm.**

**$$$$$$$$$$$$$$$$$$$**

## HEADLINE-1

**NIPAH GENERAL**

മലപ്പുറത്ത് നിപ ബാധിച്ച് ചികിത്സയിലായിരുന്ന വിദ്യാർത്ഥി മരിച്ചു. ഇന്നലെ നിപാ സ്ഥിരീകരിച്ച പാണ്ടിക്കാട് സ്വദേശിയാണ് കോഴിക്കോട് മെഡിക്കൽ കോളേജിൽ ചികിത്സയിലിരിക്കെ മരിച്ചത്. വെൻറിലേറ്ററിലായിരുന്നു കുട്ടി. ഇന്ന് രാവിലെ പതിനൊന്നരയോടെയാണ് മരണം സ്ഥിരീകരിച്ചതെന്ന് മന്ത്രി വീണാ ജോർജ് മാധ്യമങ്ങളോട് പറഞ്ഞു. രാവിലെ അതീവ ഗുരുതരാവസ്ഥയിലായ കുട്ടിക്ക് ഹൃദയാഘാതവും ഉണ്ടായി. സംസ്കാര ചടങ്ങുകൾ നിപാ പ്രോട്ടോകോൾ അനുസരിച്ചായിരിക്കും നടത്തുകയെന്നും മന്ത്രി പറഞ്ഞു. ഇൗ മാസം പത്തിനാണ് കുട്ടിക്ക് പനി ബാധിച്ചത്. പുണെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജിയിലേക്കയച്ച സാമ്പിൾ ഫലം ഇന്നലെ പോസിറ്റീവ് ആയിരുന്നു. 246 പേരാണ് നിലവിൽ നിപ സമ്പർക്ക പട്ടികയിലുള്ളതെന്ന് ആരോഗ്യമന്ത്രി വീണ ജോർജ്

മലപ്പുറത്ത് അവലോകന യോഗത്തിന് ശേഷം വാർത്താ സമ്മേളനത്തിൽ അറിയിച്ചു. ഇതിൽ 63 പേർ ഹൈറിസ്ക് വിഭാഗത്തിൽ പെടുന്നവരാണ്. ഇവരിൽ രോഗലക്ഷണമുള്ള രണ്ട് പേരുടെ സാമ്പിളുകൾ ആദ്യം പരിശോധിക്കുമെന്നും മന്ത്രി പറഞ്ഞു. സമ്പർക്കപ്പട്ടികയിലുള്ളവരുടെ പരമാവധി സാമ്പിളുകൾ കേരളത്തിൽ പരിശോധിക്കാൻ കഴിയുമെന്നാണ്

കരുതുന്നത്. കോഴിക്കോട് മെഡിക്കൽ കോളേജിലെ സൗകര്യങ്ങൾക്ക് പുറമെ തോന്നയ്ക്കൽ വൈറോളജി ഇന്സ്ടിട്യൂട്ടിൽ പി. സി. ആർ. സൗകര്യമുണ്ട്. കൂടാതെ പൂനെ വൈറോളജി ഇൻസ്റ്റിട്യൂട്ടിൽ നിന്നും ഒരു മൊബൈൽ ലാബ് കൂടി എത്തിക്കുമെന്നും മന്ത്രി അറിയിച്ചു.

**$$$$$$$$$$$$$$$$$$**

# HEADLINE-3

## PM WORLD HERITAGE

ലോക പൈതൃക സമിതിയുടെ 46-ാമത് സമ്മേളനം പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് വൈകിട്ട് 7 മണിക്ക് ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ഉദ്ഘാടനം ചെയ്യും. ഈ മാസം 31 വരെ നീളുന്ന ലോക പൈതൃക സമിതി സമ്മേളനത്തിന് ഇന്ത്യ ആദ്യമായാണ് ആതിഥേയത്വം വഹിക്കുന്നത്. ലോക പൈതൃകവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതും പൈതൃക പട്ടികയിൽ ഉൾപ്പെടുത്തേണ്ട സ്ഥലങ്ങൾ തീരുമാനിക്കുകയും ചെയ്യുന്നത് ഈ യോഗത്തിലാണ്. നിലവിലുള്ള 124 ലോക പൈതൃക സ്വത്തുക്കളുടെ സംരക്ഷണ റിപ്പോർട്ടുകൾ, അന്താരാഷ്ട്ര സഹായം, പൈതൃക ഫണ്ടുകളുടെ വിനിയോഗം എന്നിവയും യോഗം ചർച്ച ചെയ്യും. 150 ലധികം രാജ്യങ്ങളിൽ നിന്നുള്ള 2,000-ത്തോളം പ്രതിനിധികൾ യോഗത്തിൽ പങ്കെടുക്കും.

**$$$$$$$$$$$$$$$$$$**

# HEADLINE-2

## PARLIAMENT- MONSOON SESSION- Intro

***പാർലമെന്റിന്റെ വർഷകാല സമ്മേളനത്തിന് നാളെ തുടക്കമാകും. അടുത്ത മാസം 12 വരെയാണ് സമ്മേളനം.***

***വിശദാംശങ്ങളിലേക്ക്..***

***പാർലമെന്റിന്റെ മൺസൂൺ സെഷനിൽ ധനമന്ത്രി നിർമല സീതാരാമൻ ചൊവ്വാഴ്ചയാണ് കേന്ദ്ര ബജറ്റ് അവതരിപ്പിക്കുക. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള മൂന്നാം സർക്കാർ അധികാരത്തിലെത്തിയതിന്***

*ശേഷമുള്ള ആദ്യ ബജറ്റ് ആണിത്. സമ്മേളന കാലയളവിൽ, ആറ് പുതിയ ബില്ലുകൾ സർക്കാർ അവതരിപ്പിക്കും. ദുരന്തനിവാരണ നിയമത്തിൽ ഭേദഗതി വരുത്തുന്നതിനുള്ള ബിൽ, 1934 ലെ എയർക്രാഫ്റ്റ് നിയമത്തിന് പകരമായുള്ള 'ഭാരതീയ വായുയാൻ വിധേയക് 2024' എന്നിവ ഉൾപ്പെടെയാണ് ഇത്. രാജ്യത്തെ വ്യോമയാന മേഖലയിൽ 'ഈസ് ഓഫ് ഡൂയിങ് ബിസിനസ്സ്' മെച്ചപ്പെടുത്താൻ ലക്ഷ്യമിടുന്നതാണ് ഭാരതീയ വായുയാൻ വിധേയക് 2024. പാർലമെന്റിലെ അജണ്ട നിശ്ചയിക്കുന്നതിനുള്ള 'ബിസിനസ്സ് അഡ്വൈസറി കമ്മിറ്റി' ലോക് സഭാ സ്പീക്കർ ഓം ബിർള, വ്യാഴാഴ്ച രൂപീകരിച്ചിരുന്നു. ശ്രീ. ബിർളയുടെ നേതൃത്വത്തിലുള്ള സമിതിയിൽ, വിവിധ പാർട്ടികളിൽ നിന്നായി പതിനാല് അംഗങ്ങളാണ് ഉള്ളത്.*

*ന്യൂസ് ഡെസ്ക് ആകാശവാണിയിൽ*

**$$$$$$$$$$$$$$$$$$**

**GOVT. ALL PARTY MEET**

പാർലമെന്റിന്റെ വർഷകാല സമ്മേളനത്തിന് മുന്നോടിയായി കേന്ദ്രസർക്കാരിന്റെ നേതൃത്വത്തിൽ ഇന്ന് സർവ്വകക്ഷി യോഗം ചേർന്നു. ഇരുസഭകളുടെയും സുഗമമായ പ്രവർത്തനം ഉറപ്പ് വരുത്താൻ യോഗത്തിൽ എല്ലാ പാർട്ടികളോടും സർക്കാർ അഭ്യർഥിച്ചു. കേന്ദ്രമന്ത്രിമാരായ രാജ് നാഥ് സിംഗ്, കിരൺ റിജിജു, അർജുൻ റാം മേഘ് വാൾ, ജെപി നദ്ദ, ചിരാഗ് പാസ്വാൻ, രാംദാസ് അത്താവലെ, കോൺഗ്രസ് നേതാവ് ജയറാം രമേശ്, എൻസിപി നേതാവ് പ്രഫുൽ പട്ടേൽ, ഡിഎംകെ നേതാക്കളായ ടിആർ ബാലു, തിരുച്ചി ശിവ, എഐഎംഐഎം എംപി അസദുദ്ദീൻ ഒവൈസി തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

**$$$$$$$$$$$$$$$$$$**

## HEADLINE-4

**KARNATAKA – LANDSLIDE**

കർണാടക ഷിരൂരിൽ മണ്ണിടിച്ചിലിൽ കാണാതായ കോഴിക്കോട് സ്വദേശിയായ ലോറി ഡ്രൈവർ അർജുനായുള്ള തെരച്ചിൽ ആറാം

ദിവസത്തിലേക്ക് കടന്നു. റഡാറിൽ സിഗ്നൽ ലഭിച്ച സ്ഥലത്താണ് ഇന്ന് തെരച്ചിൽ നടത്തുന്നത്. തെരച്ചിലിനായി കരസേന ഉച്ചയോടെ ഷിരൂരിലെ അങ്കോലയിൽ എത്തും. ബലഗാവിയിൽ നിന്നുള്ള സംഘമാണ് തെരച്ചിലിന് നേതൃത്വം ഏറ്റെടുക്കുന്നത്. മണ്ണിടിച്ചിൽ നടന്ന മേഖലകളിൽ രക്ഷാപ്രവർത്തനം നടത്തി പരിചയമുള്ള സൈനികരാണ് സംഘത്തിലുള്ളത്.

**$$$$$$$$$$$$$$$$$$$**

**EPFO- MEMBERS**

എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ഓർഗനൈസേഷനിൽ ഈ വർഷം മെയ് മാസത്തിൽ 19.5 ലക്ഷം പേർ ചേർന്നതായി കേന്ദ്ര സർക്കാർ. 2018 ഏപ്രിലിൽ പേയ് റോൾ വിവരങ്ങൾ പ്രസിദ്ധീകരിക്കാൻ ആരംഭിച്ചതിന് ശേഷമുള്ള ഏറ്റവും ഉയർന്ന സംഖ്യയാണിത്. 9.85 ലക്ഷം പേർ പുതുതായി അംഗത്വം എടുത്തു. പുതിയ അംഗത്വങ്ങളിൽ, ഈ വർഷം ഏപ്രിലിന് ശേഷം 10.96 ശതമാനം വളർച്ച രേഖപ്പെടുത്തിയതായും കേന്ദ്ര തൊഴിൽ മന്ത്രാലയം വ്യക്തമാക്കി.

**$$$$$$$$$$$$$$$$$$$**

**HM Amit Shah in Pune today**

മഹാരാഷ്ട്രയിൽ ഒരു ദിവസം നീണ്ടുനിൽക്കുന്ന ബിജെപി സംസ്ഥാന സമ്മേളനത്തിൽ പങ്കെടുക്കാൻ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് പൂനെയിൽ എത്തും . പ്രവർത്തകർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകാനും ചില വിട്ടുവീഴ്ചകൾക്കും ത്യാഗങ്ങൾക്കും തയ്യാറാണെന്ന ശക്തമായ സൂചന നൽകാനുമായിരിക്കും കേന്ദ്ര ആഭ്യന്തര മന്ത്രിയുടെ ശ്രമമെന്നാണ് വിലയിരുത്തപ്പെടുന്നത്. ഭരണസഖ്യമായ മഹായുതിയിൽ ബിജെപിയ്ക്ക് നേതൃസ്ഥാനം ഉണ്ടായിരുന്നിട്ടും സഖ്യകക്ഷികളായ ശിവസേനയുമായും എൻസിപിയുമായും ഏകോപനവും സംഭാഷണവും കൂടുതൽ ശക്തമാക്കാൻ നേതാക്കളെയും പ്രവർത്തകരെയും ആഭ്യന്തരമന്ത്രി ഉപദേശിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് .

**$$$$$$$$$$$$$$$$$$$**

**GURU PURNIMA**

രാജ്യം ഇന്ന് ഗുരുപൂർണിമ ആഘോഷിക്കുന്നു. അധ്യാപകർക്കായി സമർപ്പിക്കപ്പെട്ടതാണ്, വ്യാസ പൂർണ്ണിമ എന്നും അറിയപ്പെടുന്ന ഈ ഉത്സവം. ഗുരുക്കന്മാരെ ആദരിക്കുകയും, അവരോടുള്ള നന്ദി പ്രകടിപ്പിക്കുകയുമാണ് ഉത്സവത്തിന്റെ ലക്ഷ്യം. ജ്ഞാനോദയത്തിന് ശേഷം ബുദ്ധ ഭഗവാൻ ആദ്യ പ്രഭാഷണം നടത്തിയതും ഈ സുദിനത്തിലാണെന്നാണ് വിശ്വാസം. ഗുരുപൂർണിമയോടനുബന്ധിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി രാജ്യത്തെ ജനങ്ങൾക്ക് ആശംസകൾ നേർന്നു.

**$$$$$$$$$$$$$$$$$$**

**V.MURALEEDHARAN**

നാടിന്റെ വികസനത്തിൽ ജനങ്ങളുടെ പങ്കാളിത്തം ഉണ്ടാകുന്നതിൽ മൻ കി ബാത് നൽകിയ സംഭാവന വളരെ വലുതാണെന്ന് മുൻ കേന്ദ്ര സഹമന്ത്രി വി മുരളീധരൻ. കേന്ദ്ര യുവജനകാര്യ കായിക മന്ത്രാലയത്തിന് കീഴിലുള്ള നെഹ്റു യുവ കേന്ദ്ര സംഘാതൻ സംഘടിപ്പിച്ച മൻ കി ബാത് ക്വിസ് മൂന്നാം സീസണിന്റെ താലൂക്ക് തല മത്സരങ്ങൾ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

നാട്ടിലെ വിവിധ വിഷയങ്ങൾ രാജ്യത്തെ മുഴുവൻ ജനങ്ങളുടെയും ശ്രദ്ധയിൽപ്പെടാനുള്ള അവസരമായി മൻ കി ബാത് മാറുന്നുവെന്നും ശ്രീ. മുരളീധരൻ പറഞ്ഞു.

**$$$$$$$$$$$$$$$$$$**

## HEADLINE-5

**WOMENS ASIA CUP CRICKET**

ഏഷ്യാ കപ്പ് വനിതാ ട്വന്റി - 20 ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് യു.എ.ഇ.-യെ നേരിടും. ഉച്ചയ്ക്ക് രണ്ട് മണിക്കാണ് മത്സരം. മത്സരത്തിൽ വിജയിച്ചാൽ ഇന്ത്യയ്ക്ക് സെമി ബെർത്ത് ഉറപ്പിക്കാം. ഇന്നലെ നടന്ന മത്സരങ്ങളിൽ ആതിഥേയരായ ശ്രീലങ്ക, ബംഗ്ലാദേശിനെയും തായ്‌ലൻഡ് മലേഷ്യയെയും പരാജയപ്പെടുത്തി.

**$$$$$$$$$$$$$$$$$$**

## AMEEBICK - VEENA GEORGE

കേരളത്തിൽ അടുത്തിടെ റിപ്പോർട്ട് ചെയ്യപ്പെട്ട മസ്തിഷ്ക ജ്വരവുമായി ബന്ധപ്പെട്ട് പ്രത്യേക മാർഗരേഖ പുറത്തിറക്കിയതായി ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ്. രോഗവുമായി ബന്ധപ്പെട്ടുള്ള പ്രതിരോധം, രോഗനിർണയം, ചികിത്സ എന്നിവ സംബന്ധിച്ച സാങ്കേതിക മാർഗരേഖയാണ് പുറത്തിറക്കിയത്. ഇന്ത്യയിൽ ആദ്യമായാണ് രോഗം സംബന്ധിച്ച് സാങ്കേതിക മാർഗരേഖ പുറത്തിറക്കുന്നത് . ഈ അപൂർവ രോഗത്തെപ്പറ്റിയുള്ള ശാസ്ത്രീയമായ പഠനങ്ങളും പഠന ഫലങ്ങളും കുറവായ സാഹചര്യത്തിലാണ് സംസ്ഥാനം സമഗ്ര മാർഗരേഖ തയ്യാറാക്കാൻ തീരുമാനിച്ചത്. തുടർപഠനത്തിനും ഗവേഷണത്തിനുമായി ഐസിഎംആർ സഹകരണത്തോടെ ഒരു സമിതിയെ നിയോഗിക്കാനും തീരുമാനമായി.

$$$$$$$$$$$$$$$$$$

## WEATHER KERALA

വടക്കൻ കേരളത്തിൽ ഇന്നും മഴ തുടരും. ഇന്ന് കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാവകുപ്പ് മഞ്ഞ ജാഗ്രതാ നിർദ്ദേശം പ്രഖ്യാപിച്ചു. ഉയർന്ന തിരമാലയ്ക്ക് സാധ്യതയുള്ളതിനാൽ നാളെ രാത്രി 11.30 വരെ കണ്ണൂർ, കാസർഗോഡ് തീരങ്ങൾക്ക് പ്രത്യേക ജാഗ്രത നിർദ്ദേശം നൽകി. കേരള - കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് പോകാൻ പാടില്ലെന്നും നിർദ്ദേശമുണ്ട്.

$$$$$$$$$$$$$$$$$$

## KHARGE- WISHES

രാജ്യസഭാ പ്രതിപക്ഷ നേതാവും കോൺഗ്രസ്സ് അധ്യക്ഷനുമായ മല്ലികാർജുൻ ഖാർഗെക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി ജന്മ ദിന ആശംസകൾ നേർന്നു. ലോക് സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയും ശ്രീ. ഖാർഗെക്ക് ആശംസകൾ നേർന്നു.

$$$$$$$$$$$$$$$$$$

## NEPAL- VOTE OF CONFIDENCE

നേപ്പാളിൽ പ്രധാനമന്ത്രി കെ പി ശർമ ഒലിയുടെ സർക്കാർ ഇന്ന് വിശ്വാസവോട്ട് തേടും. പുഷ്പകമൽ ദഹൽ പ്രചണ്ഡയുടെ സർക്കാർ വീണതിനെ തുടർന്ന് തിങ്കളാഴ്ചയാണ് പ്രധാനമന്ത്രിയായി ഒലി സത്യപ്രതിജ്ഞ ചെയ്തത്. നാലാം തവണയാണ് അദ്ദേഹം ഈ സ്ഥാനത്തേക്ക്എത്തിയത്.പുതുതായി നിയമിതനാകുന്ന പ്രധാനമന്ത്രി, 30 ദിവസത്തിനുള്ളിൽ പാർലമെൻ്റിൽ വിശ്വാസ വോട്ടെടുപ്പ് നടത്തണമെന്നാണ് നേപ്പാൾ ഭരണഘടനയിലെ വ്യവസ്ഥ. 275 അംഗ പ്രതിനിധി സഭയിൽ വിശ്വാസവോട്ട് നേടുന്നതിന് 138 വോട്ടുകൾ ആവശ്യമാണ്.

**$$$$$$$$$$$$$$$$$$**

## AMARNATH YATHRA

അമർനാഥ് ഗുഹാക്ഷേത്രത്തിലേക്കുള്ള തീർഥാടനത്തോടനുബന്ധിച്ച് 3,113 തീർഥാടകർ അടങ്ങുന്ന പുതിയ സംഘം ജമ്മുവിലെ ഭഗവതി നഗർ യാത്രി നിവാസ് ബേസ് ക്യാമ്പിൽ നിന്ന് കശ്മീർ താഴ്‌വരയിലേക്ക് പുറപ്പെട്ടു. ഇന്ന് പുലർച്ചെ 123 വാഹനങ്ങളുള്ള അശ്വാരൂഢ സംഘത്തിനൊപ്പമാണ് തീർഥാടകർ ബേസ് ക്യാമ്പിൽ നിന്ന് പുറപ്പെട്ടത്.

**$$$$$$$$$$$$$$$$$$**
**$$$$$$$$$$$$$$$$$$**
**$$$$$$$$$$$$$$$$$$**